# II അടിയന്തിര പ്രമേയം

## ലോക്കപ്പ് മർദ്ദനത്തെത്തുടർന്ന് ദളിത് യുവാവ് മരണപ്പെട്ടതായി പറയപ്പെടുന്ന സംഭവം

മി. സ്പീക്കർ: മാർച്ച് 3-ാം തീയതി വൈകുന്നേരം പോലീസ് കസ്റ്റഡിയിലെടുത്ത തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ പാപ്പാല ചരുവിള പുത്തൻ വീട്ടിൽ
9.30 A.M.] ജിനുവെന്ന ദളിത് യുവാവ് ലോക്കപ്പ് മർദ്ദനത്തെത്തുടർന്ന് പോലീസ് സ്റ്റേഷനിൽ മരണപ്പെട്ടിരിക്കുന്നു എന്നും, പോലീസ് വീട്ടിൽ നിന്നും പിടിച്ചിറക്കിക്കൊണ്ടുപോയ യുവാവ് നാലു മണിക്കൂറിനകം അതിഭീകരമായ പോലീസ് മർദ്ദനത്തിൽ സ്റ്റേഷനിൽ മരണപ്പെട്ടുവെന്നറിഞ്ഞതിനെത്തുടർന്ന് ആ പ്രദേശത്തും പരിസര പ്രദേശത്തുമുള്ള ജനങ്ങളിലാകെ ഉളവായിരിക്കുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ പിരപ്പൻകോട് മുരളി, എം. കുമാരൻ, സി. കെ. നാണു, എ. എ. അസീസ്, പി. സി. ജോർജ്ജ്, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, ഡോ. കെ. സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിരിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, കിളിമാനൂരിൽ പാപ്പാല ജംഗ്ഷനിൽ ചരുവിള പുത്തൻവീട്ടിൽ ജിനു 3-3-2005 വൈകിട്ട് നഗ്നനായി നിന്നു ബഹളം വയ്ക്കുന്നതായി വിവരം ലഭിച്ചതിനെത്തുടർന്ന് സ്ഥലത്ത് എത്തിയ പോലീസ് അയാൾ വീട്ടിലേക്കു പോയതായി അറിഞ്ഞു. ജിനുവിനെ തിരക്കി വീട്ടിലെത്തിയ പോലീസ്, ദേഹത്തിൽ മണ്ണെണ്ണ ഒഴിച്ച് ആത്മഹത്യയ്ക്ക് ശ്രമിക്കുന്ന ജിനുവിനെയാണ് കണ്ടത്. അയാളെ അതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുമായി ജിനുവിനെ പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുവന്നു. സ്റ്റേഷനിൽ കൊണ്ടു വന്ന സമയത്ത് അയാളുടെ ശരീരത്തിൽ ചില പാടുകളും തിണർപ്പുകളും കാണപ്പെട്ടു. ജിനു ആത്മഹത്യ ചെയ്യാൻ ശ്രമിച്ചതിന്റെ പേരിൽ ഇന്ത്യൻ ശിക്ഷാനിയമം 309-ാം വകുപ്പ് പ്രകാരം 139/05-ാം നമ്പരായി കിളിമാനൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് സ്റ്റേഷനിൽ തന്നെ ഇരുന്ന ജിനുവിനെ രാത്രി എട്ടു മണിയോടുകൂടി അമ്മ കൂട്ടിക്കൊണ്ടുപോകാനെത്തി. തൽസമയം ജിനു അബോധാവസ്ഥയിൽ കിടക്കുന്നതുകണ്ട് അടുത്തുള്ള സ്വകാര്യ ആശുപത്രിയിൽ കൊണ്ടുപോകുകയും അവിടെ പരിശോധിച്ച ഡോക്ടർ ജിനു മരിച്ചു പോയതായി അറിയിക്കുകയും ചെയ്തു. ഈ കാര്യത്തിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജിനുവിന്റെ മൃതശരീരം ആർ.ഡി.ഒ. യെകൊണ്ട് ഇൻക്വസ്റ്റ് തയ്യാറാക്കുന്നതിനും ഡോക്ടർമാരുടെ ഒരു ടീമിനെക്കൊണ്ട് പോസ്റ്റുമോർട്ടം നടത്തുന്നതിനുമായി തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രിയുടെ മോർച്ചറിയിൽ സൂക്ഷിച്ചിട്ടുണ്ട്. പോസ്റ്റുമോർട്ടം പരിശോധന കഴിഞ്ഞതിനുശേഷം മാത്രമേ മരണ കാരണം വ്യക്തമാകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പിരപ്പൻകോട് മുരളി: സർ, മനോരോഗിയായ ജിനുവെന്ന 27 കാരനായ ദളിത് യുവാവ് കിളിമാനൂർ പോലീസ് സ്റ്റേഷനിൽ മർദ്ദനത്തിന് വിധേയമായി ക്രൂരമായി കൊലചെയ്യപ്പെട്ടു. ആ കാര്യം ചർച്ച ചെയ്യണമെന്നാണ് ഞാൻ ആവശ്യപ്പെട്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്കു വിനയപുരസ്സരം അഭ്യർത്ഥിക്കാനുള്ളത് പോലീസുകാർ എഴുതിതന്നത് അതുപോലെ വായിക്കാതെ അങ്ങ് ദയവായി ഇക്കാര്യത്തെക്കുറിച്ച് അന്വേഷിക്കണം എന്നാണ്. പാപ്പാല അലവക്കോട് കോളനിയിലെ പരേതനായ ഡെൻസന്റേയും വസന്തയുടേയും മകനാണ് വേടർ സമുദായത്തിൽ ജനിച്ച ജിനുവെന്ന 27 കാരൻ. അയാൾ ഒരു മനോരോഗിയായിരുന്നു. മനോരോഗത്തിനു ചികിത്സ കഴിഞ്ഞ് കഴിഞ്ഞ നാലു മാസത്തിനു മുമ്പാണ് അയാൾ വീട്ടിലെത്തിയത്. ചികിത്സ കഴിഞ്ഞ് വീട്ടിലെത്തിയിട്ടും അയാൾക്ക് സമനില വീണ്ടെടുക്കാൻ കഴിഞ്ഞിരുന്നില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. കൂട്ടത്തിൽ അയാൾ അല്പം കഞ്ചാവും മദ്യവും കഴിക്കുന്ന സ്വഭാവക്കാരനുമായിരുന്നു. സംഭവ ദിവസമായ 3-ാം തീയതി അയാൾ പതിവിലും അധികം വയലന്റായി; അതൊരു വസ്തുതയാണ്. പക്ഷേ മണ്ണെണ്ണ ഒഴിച്ചു എന്നു പറയുന്നത് വെറും ഭാവനയാണ്. അയാൾ അയൽ വീട്ടുകാരെ ശല്യം ചെയ്യാൻ തുടങ്ങിയപ്പോൾ അവരാണ് പോലീസിനെ വിവരം അറിയിച്ചത്. നാലരമണിക്ക് പോലീസ് സ്ഥലത്തു വന്ന് ജിനുവിനെ പോലീസ് സ്റ്റേഷനിലേയ്ക്കു കൊണ്ടുപോയി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ എട്ടു മണിയോടുകൂടി ഒരു സ്വകാര്യ ആശുപത്രിയിൽ എത്തിച്ചപ്പോൾ അയാൾ മരണപ്പെട്ടിരുന്നു. നാലര മണിക്ക് പോലീസ് സ്റ്റേഷനിൽ വയലന്റായി നടന്നുപോയ ഒരാൾ, മണ്ണെണ്ണയൊന്നും ദേഹത്തു ഒഴിച്ചിരുന്നില്ല. ആ പ്രദേശത്ത് അങ്ങനെയൊരു സംഭവമേ നടന്നിരുന്നില്ല. ഒരാൾ വയലന്റായി കഴിഞ്ഞാൽ, ആ വിവരം പോലീസ് സ്റ്റേഷനിൽ അറിയിക്കുകയാണ് പതിവ്. അങ്ങനെയാണ് പോലീസ് സ്റ്റേഷനിൽ പിടിച്ചുകൊണ്ടു പോയത്. മനോരോഗത്തിന്റെ ചികിത്സ എന്നു പറയുന്നത് ലോക്കപ്പ് മർദ്ദനവും കൊലപാതകവുമാണോ? മനോരോഗിയെ ആശുപത്രിയിൽ എത്തിക്കുകയല്ലേ ചെയ്യേണ്ടത്? അതിനു പകരം അടിച്ചു റെഡിയാക്കി കൊലപ്പെടുത്തുകയാണോ ചെയ്യേണ്ടത്? കൊല്ലാൻ വേണ്ടിയായിരിക്കില്ല അടിച്ചത്, പക്ഷേ അടിച്ചപ്പോൾ ചത്തു പോയി. ആശുപത്രിയിൽ ഡെഡ്ബോഡിയായിട്ടാണ് എത്തുന്നത്. അവർ അപ്പോൾ തന്നെ 'മെഡിക്കൽ കോളേജിൽ കൊണ്ടുപോകാൻ പറഞ്ഞു. ആ ഡെഡ് ബോഡി മെഡിക്കൽ കോളേജിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. "അവശന്മാർ ആർത്തന്മാർ, ആലംബഹീനന്മാർ

അവരുടെ സങ്കടമാരറിയാൻ" എന്നു കവി പാടിയതുപോലെയാണോ ഇന്നും ദളിതന്റെ ജീവിതം? തീർച്ചയായും ഇക്കാര്യത്തിൽ അടിയന്തിരമായി അന്വേഷണം നടത്തണം. കൊല നടത്തിയ പോലീസുകാരെ അടിയന്തിരമായി സസ്പെൻഡു ചെയ്ത് കൊലക്കുറ്റത്തിനു കേസെടുക്കണം. അവിടെ സംഭീതിജനകമായ ഒരു അവസ്ഥയാണുള്ളത്. അതു ചർച്ച ചെയ്യുന്നതിനുവേണ്ടി സഭ നിർത്തിവയ്ക്കണമെന്നാണ് എനിക്കു അഭ്യർത്ഥിക്കാനുള്ളത്. ആത്മഹത്യയ്ക്ക് അയാൾ ശ്രമിച്ചിരുന്നില്ല. അയാൾ വയലന്റായതുകൊണ്ട് നാട്ടുകാർ തന്നെയാണ് പോലീസിനെ വിളിച്ച് ഏൽപിച്ചത്. ബഹളം കാണിച്ചുകൊണ്ട് നടന്നു പോയ ഒരാൾ സ്റ്റേഷനിൽ ചെന്ന് എട്ടു മണിയായപ്പോൾ മരിച്ചുപോയി എന്നു പറഞ്ഞാൽ, "കൊല്ലനുമറിഞ്ഞില്ല, കൊല്ലത്തിയുമറിഞ്ഞില്ല, തിത്തയ്യ് എന്നൊരു പൊന്നരിവാൾ." ഇയാൾ എങ്ങനെ മരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതാണ് പ്രധാനപ്പെട്ട വിഷയം. മർദ്ദനമല്ലാതെ മറ്റൊരു കാരണവുമില്ല. അതു പോസ്റ്റുമോർട്ടം നടക്കുമ്പോൾ അറിയാൻ കഴിയും. അങ്ങ് ദയവായി ഇതിനെക്കുറിച്ച് അന്വേഷിക്കണം. വെറുതെ ഒരു അടിയന്തിര പ്രമേയം അവതരിപ്പിക്കാൻ വേണ്ടി അവതരിപ്പിച്ചതല്ല. അങ്ങ് പോലീസ് എഴുതിത്തരുന്ന കാര്യങ്ങൾ അതുപോലെ പറയരുത്. വിശദമായി അന്വേഷിക്കണം. മനോരോഗിയായ ഒരു ചെറുപ്പക്കാരനെ കൊല്ലാനുള്ള അവകാശം ഒരു പോലീസിനുമില്ല. അയാളെ ചികിത്സിപ്പിക്കാൻ അയയ്ക്കേണ്ടതായിരുന്നു. അങ്ങ് പരിശോധിച്ച് വസ്തുതകൾ മനസ്സിലാക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. തീർച്ചയായും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പലതും യാഥാർത്ഥ്യങ്ങളാണ്. അയാൾ ഒരു മനോരോഗിയാണ് എന്നാണ് പരക്കെ അറിയപ്പെടുന്നത്. ഇന്നലെ അയാൾ മദ്യത്തിനും മയക്കുമരുന്നിനും അടിമയായിരുന്നു എന്നാണ് നാട്ടുകാർ പറയുന്നത്. ഇന്നലെ പതിവിനു വിപരീതമായി വളരെക്കൂടുതൽ ബഹളം വയ്ക്കുകയും നാട്ടുകാരുമായി ഏറ്റുമുട്ടുകയും ചില സംഘട്ടനങ്ങളൊക്കെ നടക്കുകയും ചെയ്തിട്ടുണ്ട്. പോലീസ് അന്വേഷിക്കുന്ന ഒരു പിടികിട്ടാപ്പുള്ളിയല്ല ജിനു. പോലീസിനു ജിനുവിനോട് ഒരു വിരോധവും തോന്നേണ്ട ആവശ്യവുമില്ല. ബന്ധത്തിൽപ്പെട്ട ഒരു സ്ത്രീ മാത്രമുള്ള വീട്ടിൽ കയറി കല്ലെറിഞ്ഞു ബഹളമുണ്ടാക്കി, ആ സ്ത്രീയെ ആക്രമിക്കാനൊരുങ്ങിയപ്പോഴാണ് നാട്ടുകാർ പോലീസിന്റെ സഹായം തേടിയത്. ആ സ്ത്രീയുടെ ഭർത്താവിനുപോലും പോലീസുകാർക്ക് ഈ ജിനുവിനെ കാണിച്ചു കൊടുക്കാൻ ഭയമായിരുന്നു. അയാൾ നേരിട്ടല്ല ജിനുവിനെ പോലീസുകാർക്ക് കാണിച്ചു കൊടുത്തത്. വളരെ ദൂരെ മാറി നിന്നിട്ട് 'ആ പോകുന്ന ആളാണ്' എന്ന നിലയ്ക്കാണ് കാണിച്ചു കൊടുത്തത്. നാട്ടുകാരും ബന്ധുക്കളും പറഞ്ഞതിന്റെ പേരിൽ മാത്രമാണ് ജിനുവിനെ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയത്. മണ്ണെണ്ണ ദേഹത്ത് ഒഴിച്ചിരുന്നു. ജിനുവിനോട് കുളിക്കാൻ പറഞ്ഞു, അവിടെയുണ്ടായിരുന്ന വെള്ളമെടുത്തു ജിനു കുളിച്ചു. ഫാനിന്റെ അടിയിൽ കിടന്ന് ഉറങ്ങി. പോലീസ് മർദ്ദനം ഉണ്ടായിട്ടേയില്ല. അതേ സമയത്ത് അങ്ങു പറഞ്ഞൊരു പോയിന്റ് കറക്ടാണ്. അതു നിശ്ചയമായും പരിശോധിക്കും. ജിനുവിനെ ആശുപത്രിയിൽ കൊണ്ടുപോകാതിരുന്നത് എന്തുകൊണ്ട്? ആശുപത്രിയിൽ അയാളെ കൊണ്ടുപോകേണ്ടതായിരുന്നു. ആ ഒരു ആസ്പെക്ട് ഞാൻ സമ്മതിക്കുന്നു. അതു നിശ്ചയമായും പരിശോധിക്കും. പോലീസ് മർദ്ദനമുണ്ടായിട്ടില്ല. അതു സംബന്ധിച്ച് പലരുടെയും മൊഴി ശേഖരിച്ചിട്ടുണ്ട്. ഇന്നലെ ജിനു അവിടെ നടത്തിയ കാര്യങ്ങളേയും സംഭവങ്ങളെയുമെല്ലാംപറ്റി വ്യക്തമായി പോലീസിൽ മൊഴികൊടുത്തിട്ടുണ്ട്. ഈ സംഭവത്തിൽ എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ അതു പരിശോധിക്കും. ഈ കാര്യത്തിൽ ആരെങ്കിലും കുറ്റക്കാരായിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായ നടപടി സ്വീകരിക്കും. മാനസിക രോഗിയായ ഒരു ദളിത് യുവാവ് മരിക്കാൻ ഇടയായ സാഹചര്യമുണ്ടായതിൽ ഞാൻ അങ്ങേയറ്റം ഖേദിക്കുന്നു. പോലീസിനു ജിനുവിനെ മർദ്ദിക്കേണ്ടതായ ഒരു സാഹചര്യം ഉണ്ടായിട്ടില്ല. പോലീസ് സ്റ്റേഷനിൽ വന്നതിനുശേഷം ജിനു റയലന്റാകുകയോ ഒന്നും ചെയ്തിട്ടില്ല. ജിനു



LIBRARY ARCHIVES Kerala Legislative Assembly

വയലന്റായിരുന്നുവെങ്കിൽ പോലീസ് എന്തെങ്കിലും ചെയ്യുമായിരുന്നു. പോലീസ് സ്റ്റേഷനിൽ വന്നതിനുശേഷം ജിനുവിന്റെ പെരുമാറ്റം തികച്ചും അനുസരണയോടുകൂടിയതായിരുന്നു. ഇതിനപ്പുറം എന്തെങ്കിലുമുണ്ടെങ്കിൽ അത് ഗവൺമെന്റ് പ്രത്യേകമായി പരിശോധിക്കും. സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു ആവശ്യവുമില്ലെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

## III ശ്രദ്ധക്ഷണിക്കൽ

(1) പാലക്കാട് ജില്ലയിൽ വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതുമൂലം തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. എ. കെ. ബാലൻ : സർ, പാലക്കാട് ജില്ലയിൽ പൊതുവേയും കഞ്ചിക്കോട് വ്യവസായ മേഖലയിൽ പ്രത്യേകിച്ചും വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിന്റെ ഫലമായി പതിനെണ്ണായിരത്തിൽപ്പരം തൊഴിലാളികളും അവരുടെ കുടുംബങ്ങളും തീരാദുരിതത്തിലും മുഴുപ്പട്ടിണിയിലുമാണ്. 50 വൻകിട-ഇടത്തരം സ്ഥാപനങ്ങളും 150-ഓളം ചെറുകിട-വ്യവസായ യൂണിറ്റുകളും ഇതിനകം അടച്ചുപൂട്ടിക്കഴിഞ്ഞു. ഈ ഗുരുതരമായ പ്രശ്നം ചർച്ച ചെയ്യാൻ അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയുടേയും ധനകാര്യ വകുപ്പുമന്ത്രിയുടേയും പ്രതിപക്ഷ നേതാവിന്റേയും സാന്നിദ്ധ്യത്തിൽ പാലക്കാട് കളക്ടറേറ്റിൽ ഒരു വർഷം മുൻപ് ഒരു യോഗം വിളിച്ചുചേർത്തിരുന്നു. വ്യവസായ പ്രശ്നങ്ങൾ ചർച്ച ചെയ്ത് ഈ സ്ഥാപനങ്ങൾ തുറപ്പിക്കുന്നതിന് കളക്ടർ ചെയർമാനായിട്ട് ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു. എന്നാൽ ഫലപ്രദമായ ഒരു യോഗം അതിനുശേഷം വിളിച്ചു ചേർക്കാൻ കഴിഞ്ഞിട്ടില്ല. യൂണിയൻ നേതാക്കൻമാർ മുൻകൈയെടുത്ത് ഒരു textile mill (Bhagavathy Textiles) തുറപ്പിക്കുന്നതിനും മറ്റൊരു textile കമ്പനി (Teatex) തുറപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു. ഇതിൽ ഗവൺമെന്റിന്റേയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാരുടേയോ ഒരു പങ്കുമില്ല. ടാറ്റയുടെ വളരെ പ്രധാനപ്പെട്ട ഏകമാനുഫാക്ചറിംഗ് കമ്പനിയായ ടാറ്റാ ഫോൺ അടച്ചുപൂട്ടി മാനേജുമെന്റ് സ്ഥലംവിട്ടു. തൊഴിലാളികൾക്ക് നാമമാത്രമായ ചില ആനുകൂല്യങ്ങൾ കൊടുത്തു. മറ്റൊരു സ്ഥാപനത്തിലേയും തൊഴിലാളികൾക്ക് ഒരു ആനുകൂല്യം പോലും കൊടുത്തില്ല. ഇന്ത്യാ രാജ്യത്ത് അറിയപ്പെടുന്ന ബി.പി.എൽ. സാനിയോ കമ്പനിയുടെ 14 subsidiary യൂണിറ്റുകളും അടച്ചുപൂട്ടി. ആയിരത്തിൽപ്പരം തൊഴിലാളികളാണ് ഒരു ആനുകൂല്യവും കിട്ടാതെ വഴിയാധാരമായത്. മദ്രാസ് സ്പിന്നേഴ്സ് മില്ലിലെ മുതലാളി 450 തൊഴിലാളികളെ പിരിച്ചുവിട്ടു. ആ സ്ഥാപനം ബി.ഐ.എഫ്.ആർ.-ന് റഫർ ചെയ്തു. ഇപ്പോൾ company wind up ചെയ്തു. തൊഴിലാളികൾക്ക് ഒരു ആനുകൂല്യങ്ങളും ലഭിച്ചില്ല. ഇപ്പോൾ കെ. എസ്. ഇ. ബി.-യ്ക്കുള്ള കുടിശ്ശികയുടെ പേരിൽ കമ്പനി

LIBRARY ARCHIVES Kerala Legislative Assembly